വൈദ്യുതി ബോർഡിൽ സ്വകാര്യ വാഹന ഉപയോഗം

*7 [566] ശ്രീ. നാലകത്ത് സൂപ്പി:
,, ഇസ്ഹാക് കുരിക്കൾ:
,, സി. ടി. അഹമ്മദ് അലി:
,, ചെർക്കളം അബ്ദുള്ള:
,, പി. കെ. അബ്ദുറബ്ബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡിന്റെ ഉപയോഗത്തിന് സ്വകാര്യ വാഹനങ്ങൾ കരാർ അടിസ്ഥാനത്തിൽ ഉപയോഗിക്കുന്ന രീതി എന്നുമുതലാണ് നിലവിൽ വന്നത്;

(ബി) ഇപ്പോൾ ഈ രീതിയിൽ എത്ര സ്വകാര്യ വാഹനങ്ങളാണ് ഉപയോഗിച്ച് വരുന്നത്;

(സി) ബോർഡിന്റെ സ്വന്തം വാഹനങ്ങൾ ഉപയോഗിക്കാതെ ഉദ്യോഗസ്ഥർക്ക് താൽപ്പര്യമുള്ളവരുടെ വാഹനങ്ങൾ കരാർ അടിസ്ഥാനത്തിൽ ഉപയോഗിച്ചുവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇതിനെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചു?

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്):

(എ) 23-7-1997 മുതൽ.

(ബി) 445 വാഹനങ്ങൾ.

(സി) ഇല്ല.

(ഡി) ബാധകമല്ല.

വൈദ്യുതി പോസ്റ്റുകൾക്ക് അപേക്ഷകരിൽ നിന്നും അധികം തുക ഈടാക്കുന്നതിനെതിരെ നടപടി

*8 [567] ശ്രീ. യു. സി. രാമൻ:
,, ടി. പി. എം. സാഹിർ:
,, സി. മോയിൻകുട്ടി:
,, സി. മമ്മൂട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി പോസ്റ്റുകൾ ഗുണനിലവാരമില്ലാത്ത രീതിയിൽ വാർത്തെടുക്കുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പോസ്റ്റുകൾ നിർമ്മിക്കുന്നതിന് കരാർ നൽകുന്നതിലെ നടപടിക്രമം വിശദീകരിക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതുതായി ഇലക്ട്രിക് പോസ്റ്റുകൾ നിർമ്മിക്കാൻ കരാർ നൽകിയിട്ടുണ്ടോ;

(ഡി) 1,000 രൂപയിൽ താഴെ ചെലവ് വരുന്ന പോസ്റ്റ് ഒന്നിന് അപേക്ഷകരിൽ നിന്നും 12,000 രൂപ ഈടാക്കുന്നത് അന്യായമാണെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്):

(എ) ഒറ്റപ്പെട്ട ചില പരാതികൾ ശ്രദ്ധയിൽപ്പെടുകയും, അതിന്മേൽ അന്വേഷണം നടത്തിയതിൽ പ്രസ്തുത പരാതികൾ അടിസ്ഥാനരഹിതമാണെന്ന് കണ്ടെത്തുകയും ചെയ്തിട്ടുണ്ട്.

(ബി) വിവിധ സർക്കിളുകളിലേക്ക് ആവശ്യമായ പോസ്റ്റുകൾ നിർമ്മിക്കുന്നതിനു കരാർ നൽകുന്നത് മൽസരാടിസ്ഥാനത്തിലുള്ള ദർഘാസുകൾ ക്ഷണിച്ചാണ്.

(സി) ഉണ്ട്.

(ഡി) ഒരു പോസ്റ്റിന് അപേക്ഷകരിൽ നിന്നും 12,000 രൂപ ഈടാക്കുന്നില്ല.

ടൂറിസം വികസനത്തിനായി കേന്ദ്രത്തിന് സമർപ്പിച്ച പദ്ധതികൾ

*9 [568] ശ്രീ. കെ. അച്ചുതൻ:

" എം. എ. ചന്ദ്രശേഖരൻ:

" വി. ഡി. സതീശൻ:

" ജോർജ് ജെ. മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം വികസനം ലക്ഷ്യമാക്കി എന്തെല്ലാം പദ്ധതികളാണ് ഇപ്പോൾ കേന്ദ്രത്തിന് സമർപ്പിച്ചിട്ടുള്ളത്;

(ബി) പ്രസ്തുത കാര്യത്തിന് പ്രതീക്ഷിക്കുന്ന മുതൽമുടക്കെത്രയാണ്;

(സി) പ്രസ്തുത പദ്ധതികളെപ്പറ്റി ചർച്ച നടത്തിയിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly